സംസ്ഥാന ബഡ്ജറ്റിലും കേന്ദ്രാവിഷ്കൃത പദ്ധതികളിലുമായി വകുപ്പുകൾക്കുള്ള തുക

145 (3299) ശ്രീ. കോവൂർകുഞ്ഞുമോൻ എൻ. കുഞ്ഞുൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിവിധ വകുപ്പുകൾക്കായി അനുവദിച്ച തുക (ഉപധനാഭ്യർത്ഥന ഒഴികെയുള്ളത്) എത്ര; വകുപ്പ് തിരിച്ച് വിശദമാക്കാമോ;

(ബി) ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം തുകയാണ് ഇതിനകം ചെലവഴിക്കുകയുണ്ടായിട്ടുണ്ട്; വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം തുകയാണ് ഇതിനകം ചെലവഴിച്ചത്; വകുപ്പടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) 2015-16 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഓരോ വകുപ്പിലും വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു; അതിൽ ഇതിനകം ചെലവഴിക്കപ്പെട്ടത് എത്ര; വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിവിധ വകുപ്പുകൾക്കായി അനുവദിച്ച തുകയും (ഉപധനാഭ്യർത്ഥന ഒഴികെയുള്ളത്) വകയിരുത്തിയ തുകയിൽ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2015 ഫിബ്രുവരി 30 വരെയുള്ള ചെലവിന്റെ ശതമാനക്കണക്കും അനുബന്ധം-1 ആയി ചേർക്കുന്നു .

(സി) 2015-16 സാമ്പത്തികവർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വിവിധ വകുപ്പുകൾക്ക് വകയിരുത്തപ്പെട്ട തുകയും ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം 2015 മാർച്ച് 31 വരെയുള്ള ചെലവും അനുബന്ധം -2 ആയി ചേർക്കുന്നു*.

വാർഷിക പദ്ധതിയിലെ മേഖലാ അടങ്കൽ തുക

146 (3300) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2015-16 വർഷം വരെ ഓരോ വർഷവും വാർഷിക പദ്ധതിയിലെ മേഖലാ അടങ്കൽ തുക വിശദമാക്കാമോ: ഓരോ വർഷത്തെയും വർദ്ധനവിന്റെ ശതമാനം എത്ര വീതമാണ്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly